

കവിത • നസീർ കടിക്കാട്

# മണലിൽ ഒരു വര

മരുഭൂമി
ആകാശം
തൊടാനോടുമ്പോൾ
കാറ്റു വിരിച്ചിട്ട
മണലിന്റെ വെളുപ്പിൽ
ആ പഴയ വീട്.
മണ്ണ് മെഴുകിയ
ഓല മേഞ്ഞ
അറമുറിയും
മരക്കോവണിയും
കയ്യാലയും തൊഴുത്തുമുള്ള
തറവാട്ടു വീട്.

പടിഞ്ഞാറെ കോലായിൽ
അതുപോലെത്തന്നെ,
ഒന്നും സംഭവിക്കാത്ത മട്ടിൽ
മുറുക്കാൻ പാത്രവും
വല്യുമ്മയും.
പേരമരത്തിനും
വേലിക്കുമിടയിലൂടെ
കത്യുമ്മായിയുടെ വീട്.
വറ്റാത്ത തെളിനീരുമായി
മറ കെട്ടാത്ത കിണർ.

കിണറ്റുവക്കത്തെ
നാട്ടുചെടികളിൽ
തുമ്പികളുടെ കിസ്സപറച്ചിൽ.

വല്യുമ്മയെ തെരഞ്ഞ്
പാതിതുന്നിയ പെൺ
കുപ്പായത്തിന്റെ
നൂലിഴക്കൊത്തുമായി
കത്യുമ്മായി
നടന്നുവരുന്നുണ്ട്.
വഴിക്ക്
മരങ്ങളോടും
കാക്കയോടും പൂച്ചയോടും
കഥകളുടെ നൂലഴിക്കുന്നുണ്ട്

മരുഭൂമിയിൽ കാറ്റമരുമ്പോൾ
മണലിൽ
മായാതെ
കത്യുമ്മായി തുന്നിത്തീർത്ത
നിസ്കാരക്കുപ്പായവും
മക്കനയുമിട്ട്
വല്യുമ്മയതാ
സുജൂദിലിരിക്കുന്നു.

# ഒട്ടകം

ഒറ്റയ്ക്കൊരു ഒട്ടകം
നിൽക്കുമ്പോൾ
ഓർമകൾ
നുണഞ്ഞുകൊണ്ടേയിരിക്കുന്നു,
ഇത്രയേറെ മധുരിക്കുന്നുണ്ടാവുമോ?

ഒറ്റയ്ക്കൊരു ഒട്ടകം
നടക്കുമ്പോൾ
പർവതങ്ങൾ
ചുമന്നുകൊണ്ടേയിരിക്കുന്നു
ഇത്രയേറെ ഭാരക്കുറവുണ്ടാവുമോ?

ഒറ്റയ്ക്കൊരു ഒട്ടകം
കിടക്കുമ്പോൾ
പ്രാർഥനകൾ
വെയിലിനെ ഉമ്മവെച്ചുകൊണ്ടേയിരിക്കുന്നു
ഇത്രയേറെ തണുക്കുന്നുണ്ടാവുമോ?

അകലെയൊന്നും
ഒരു വീടും കാണുന്നില്ലല്ലോ
ഒരു മരം പോലുമില്ലല്ലോ
ഒട്ടകം പുല്ല് തിന്നുന്നുമില്ല

ആകാശത്തു നിന്നു നോക്കുമ്പോൾ
ഭൂമിയിൽ
ഒരു ഒട്ടകം മാത്രം,
കണ്ണാടിയിലാണെന്നു തോന്നും!

Vol. No: 68 Issue No. 40 Printed (at Roshni Press, Kozhikode-12) and published by K.M. Abdul Ahad on behalf of Islamic Service Trust Kerala Kozhikode-12, Phone: 2730744 Fax: 0495- 2731342, E-mail: editorprabodhanam@gmail.com - Editor: T.K. Ubaid